● പഠനം

● അബൂദർറ് എടയൂർ

**ജാഹിലിയ്യാ കാലത്ത് അറബികൾക്കിടയിൽ ഒരു സംഘം വേദക്കാരും വസിച്ചിരുന്നു. പുരാതന കാലത്ത് അറേബ്യയിലേക്ക് കുടിയേറിപ്പാർത്തവരും ടൈറ്റസ് റൂമാനിയുടെ പീഡനങ്ങളിൽ നിന്ന് രക്ഷതേടി, എ.ഡി 70ൽ പലായനം ചെയ്തെത്തിയവരുമായ ജൂതൻമാരായിരുന്നു അവരിൽ ഭൂരിപക്ഷവും. അറേബ്യയിൽ ജീവിക്കുമ്പോഴും തങ്ങളുടെ സാസ്കാരിക പൈതൃകം അവർ കൈവിട്ടില്ല. മതപാഠശാലകൾ പോലുള്ള സംവിധാനങ്ങളിലൂടെ പരമ്പരാഗതമായി ലഭിച്ച അറിവുകൾ അവർ പിൻതലമുറക്ക് പകർന്നുനൽകി.**

# ഇസ്റാഈലിയ്യാത്തിന്റെ സ്വാധീനം തഫ്സീറുകളിലും ഹദീസിലും

**അടിസ്ഥാനപരമായി** ജൂതസ്രോതസുകളിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന കഥകളും പുരാണങ്ങളും ഐതിഹ്യങ്ങളുമാണ് ഇസ്റാഈലിയ്യാത്ത് എന്നതിന്റെ സാമാന്യവിവക്ഷ. എന്നാൽ ഖുർആൻ വ്യാഖ്യാതാക്കളും ഹദീസ് പണ്ഡിതൻമാരും ഇതിന് കുറെ കൂടി വിശാലമാവും ക്ലിപ്തവുമായ നിർവചനം നൽകിയിട്ടുണ്ട്: തഫ്സീർ- ഹദീസ് ഗ്രന്ഥങ്ങളിൽ കടന്നുകൂടിയതും നിവേദനത്തിന്റെ വേരുകൾ ജൂത-ക്രൈസ്തവ തലങ്ങളിൽ എത്തിനിൽക്കുന്നതുമായ കഥകൾ എന്നാണ് ആ നിർവചനം. അതോടൊപ്പം ചില പണ്ഡിതന്മാർ ഇസ്ലാമിക അടിത്തറകൾ ഇല്ലാത്തതും ജൂതരോ അല്ലാത്തവരോ ആയ ഇസ്ലാമികേതര സ്രോതസുകളിൽ നിന്ന് തഫ്സീർ- ഹദീസ് ഗ്രന്ഥങ്ങളിൽ കടന്നുകൂടിയിട്ടുള്ളതുമായ എല്ലാ കഥകളും വിവരണങ്ങളും ഇസ്റാഈലിയ്യാത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ ഗണത്തിൽ പെട്ട മിക്ക കഥകളും ഐതിഹ്യങ്ങളും വിവരണങ്ങളും ജൂതസ്രോതസുകളിൽ നിന്ന് വന്നവയായതുകൊണ്ടാണ്, ഭൂരിപക്ഷം പരിഗണിച്ചുകൊണ്ട് അവയെ ഇസ്റാഈലിയ്യാത്ത് എന്ന് വിളിക്കുന്നത്.

**നാൾവഴികൾ**

ജാഹിലിയ്യാ കാലത്ത് അറബികൾക്കിടയിൽ ഒരു സംഘം വേദക്കാരും വസിച്ചിരുന്നു. പുരാതന കാലത്ത് അറേബ്യയിലേക്ക് കുടിയേറിപ്പാർത്തവരും ടൈറ്റസ് റൂമാനിയുടെ പീഡനങ്ങളിൽ നിന്ന് രക്ഷതേടി, എ.ഡി 70ൽ പലായനം ചെയ്തെത്തിയവരുമായ ജൂതൻമാരായിരുന്നു അവരിൽ ഭൂരിപക്ഷവും. അറേബ്യയിൽ ജീവിക്കുമ്പോഴും തങ്ങളുടെ സാസ്കാരിക പൈതൃകം അവർ കൈവിട്ടില്ല. മതപാഠശാലകൾ പോലുള്ള സംവിധാനങ്ങളിലൂടെ പരമ്പരാഗതമായി ലഭിച്ച അറിവുകൾ അവർ പിൻതലമുറക്ക് പകർന്നുനൽകി.


അതുപോലെ, കച്ചവടക്കാരായിരുന്ന അറബികൾ മറ്റുനാടുകളിലേക്ക് വ്യാപാരയാത്രകൾ നടത്തിയിരുന്നു. ഖുർആൻ സൂചിപ്പിക്കുന്ന പോലെ, ഖുറൈശികൾ ശൈത്യകാലത്ത് യമനിലേക്കും ഉഷ്ണകാലത്ത് ശാമിലേക്കും കച്ചവട യാത്രകൾ നടത്തിയിരുന്നു. അക്കാലത്ത് ശാമിലും യമനിലും ജീവിച്ചിരുന്ന ഒട്ടനവധി വേദക്കാരിൽ ഭൂരിപക്ഷവും ജൂതന്മാരായിരുന്നു. അങ്ങനെ അറേബ്യയിലും പുറത്തും അറബികളും ജൂതന്മാരും

അടുത്തിടപഴകി ജീവിച്ചപ്പോൾ, ജൂതൻമാരുടെ സംസ്കാരം അറബികളിലേക്ക് പതിയെ ചേക്കേറാൻ തുടങ്ങി. അതേസമയം ഈ സാംസ്കാരിക പകർച്ച അത്ര വിപുല മായ തോതിലൊന്നുമുണ്ടായിരുന്നില്ല.

പിന്നീട് അറേബ്യയിൽ ഇസ്‌ലാമിന്റെ അരുണോദയമുണ്ടായി. ഇസ്‌ലാമിക രാഷ്ട്രത്തിന്റെ തലസ്ഥാനമായിരുന്ന മദീനയിലും ഖൈബർ, തൈമാഅ്, ഫദക് പോലുള്ള പരിസരപ്രദേശങ്ങളിലും നിരവധി ജൂതന്മാർ ഗോത്രങ്ങളായും മറ്റും താമസിച്ചിരുന്നു. മുസ്‌ലിംകളും ജൂതന്മാരും തമ്മിലുള്ള ഈ സഹവാസം പലതരത്തിലുള്ള ആശയകൈമാറ്റത്തിനും അവസരമൊരുക്കി. പ്രവാചകൻ ജൂതന്മാർ ഉൾപ്പടെയുള്ള വേദക്കാരുമായി പ്രബോധനാവശ്യാർഥം ആശയവിനിമയം നടത്തിയിരുന്നു. അപ്രകാരം, ജൂതന്മാർ പ്രശ്ന പരിഹാരത്തിനോ സംശയ നിവാരണത്തിനോ-ഒരു പക്ഷേ അത് വെല്ലുവിളിയുടെ സ്വരത്തിലാവാം, അല്ലെങ്കിൽ പരീക്ഷിക്കാനായിരിക്കാം- പ്രവാചകനെ സമീപിച്ചിരുന്നു. അത്തരത്തിലുള്ള സംഭവങ്ങൾ ഖുർആൻ ഉദ്ധരിക്കുന്നുണ്ട്.

അപ്രകാരം തന്നെ മുസ്‌ലിംകളിൽ ചിലർ ചില ജൂതന്മാരുമായി ചർച്ചകളും സംവാദങ്ങളും നടത്താറുണ്ടായിരുന്നു. ഇതിനെല്ലാം ഉപരിയായി നബി തിരുമേനിയുടെ കാലത്തും ശേഷവും ജൂതന്മാരിൽ നിന്ന് ഇസ്‌ലാമിലേക്ക് കടന്നുവന്നവരിൽ പൂർവവേദങ്ങളിൽ അവഗാഹമുള്ള പണ്ഡിതന്മാരുണ്ടായിരുന്നു. അബ്ദുല്ലാഹിബ്നു സലാം, തമീമുദ്ദാരി, അബ്ദുല്ലാഹിബ്നു സ്വൂരിയാ, കഅ്ബുൽ അഹ്ബാർ, വഹ്ബുബ്നു മുനബ്ബിഹ് തുടങ്ങിയവർ അക്കൂട്ടത്തിൽ പെടുന്നു. (ഇവരിൽ അബ്ദുല്ലാഹിബ്നു സ്വൂരിയാ മുർതദ്ദായതായി ഇബ്നു ഹിശാം തന്റെ സീറയിൽ രേഖപ്പെടുത്തുന്നു). പൂർവവേദ വിജ്ഞാനീയങ്ങളിലും ഇസ്റാഈലീ ചരിത്രങ്ങളിലും അവഗാഹമുണ്ടായിരുന്ന അവർക്ക് മുസ്‌ലിംകൾക്കിടയിൽ സമുന്നതമായ സ്ഥാനം ലഭിക്കുകയും ചെയ്തു. വിശുദ്ധ ഖുർആനിൽ അപൂർണമായോ ഭാഗികമായോ സംക്ഷിപ്തമായോ പരാമർശിക്കപ്പെട്ട മുൻ സമുദായങ്ങളുടെയും പ്രവാചകൻമാരുടെയും ചരിത്രങ്ങൾക്ക് കൂടുതൽ വ്യക്തതയും വിശദീകരണവും നൽകാൻ, തങ്ങളുടെ പൂർവാർജിത ജ്ഞാനത്തിന്റെ വെളിച്ചത്തിൽ അവർക്ക് സാധിച്ചിരുന്നു. സഹാബികളിൽ ചിലർ അത്തരം കാര്യങ്ങളറിയാൻ അവരെ ആശ്രയിക്കുകയും ചെയ്തു. ഇസ്റാഈലിയ്യാത്ത് മുസ്‌ലിംകൾക്കിടയിൽ പ്രചരിക്കുന്നതിന് തുടക്കം കുറിച്ചത് ഇങ്ങനെയാണ്.

തഫ്സീർ- ഹദീസ് ഗ്രന്ഥങ്ങളിൽ മാത്രമല്ല




ഇസ്റാഈലിയ്യാത്ത് കടന്നുകൂടിയിട്ടുള്ളത്. പിൽക്കാലത്ത് രചിക്കപ്പെട്ട ചരിത്രഗ്രന്ഥങ്ങളിലും വചനശാസ്ത്രത്തിലുമെല്ലാം ജൂതസംസ്കാരത്തിന്റെ സ്വാധീനം നമുക്ക് ദർശിക്കാം. ചില അവാന്തരവിഭാഗങ്ങളുടെ വാദഗതികൾക്കു പിന്നിലും ജൂതന്മാരുടെ കരങ്ങൾ കാണാം. ഖുർആൻ സൃഷ്ടിയാണെന്ന വാദം ആദ്യം ഉയർത്തിയത് ജൂതനായിരുന്ന ലബീദുബ്നു അഅ്സ്വമാണെന്നും ആ വാദം തലമുറകളിലൂടെ കൈമാറി അഹ്മദുബ്നു അബീദുആദിൽ എത്തിച്ചേരുകയായിരുന്നുവെന്നും ഇബ്നുൽ അസീർ തന്റെ ചരിത്രഗ്രന്ഥത്തിൽ (അൽകാമിൽ) വിവരിക്കുന്നുണ്ട്.

'അൽ ഫർഖു ബൈനൽ ഫിറഖി'ന്റെ രചയിതാവായ അബൂമൻസ്വൂറിൽ ബഗ്ദാദി പറയുന്നു: അലി(റ) കൊല്ലപ്പെട്ടിട്ടില്ല, മറിച്ച് ഈസാ നബിയെപ്പോലെ ആകാശത്തേക്ക് ഉയർത്തപ്പെടുകയാണുണ്ടായത്; ഇനി വീണ്ടും ഭൂമിയിലേക്ക് ഇറങ്ങി വരികയും ശത്രുക്കളോട് പകരം വീട്ടുകയും ചെയ്യും എന്ന സബഇയ്യാക്കളുടെ പിഴച്ച വിശ്വാസത്തിന്റെ സൂത്രധാരൻ ജൂതനായ അബ്ദുല്ലാഹിബ്നു സബആണ്.

പല ഇസ്റാഈലീ കഥകളും പൊതുജനം ആവേശപൂർവം വാരിപ്പുണർന്നു. ചില ആളുകൾ, പച്ചക്കള്ളമായിട്ടും അവ അംഗീകരിക്കുന്ന രീതിയിൽ വളരെ ലാഘവത്തോടെ മറ്റുള്ളവർക്ക് പകർന്നു നൽകി. മുസ്‌ലിംകളിൽ പലരുടെയും ആദർശത്തെ അത് ദോഷകരമായി ബാധിക്കുകയും ശത്രുക്കളുടെ വീക്ഷണത്തിൽ ഇസ്‌ലാം ഒരു അന്ധവിശ്വാസ-അനാചാര കേന്ദ്രീകൃത മതമായി ചിത്രീകരിക്കപ്പെടാൻ അത് ഹേതുവാകുകയും ചെയ്തു.

എങ്ങനെയാണ് തഫ്സീറിലും ഹദീസിലുമെല്ലാം ഇസ്റാഈലിയാത്തുകൾക്ക് വ്യാപകമായ തോതിൽ കടന്നുകയറാൻ സാധിച്ചത്? എങ്ങനെയാണ് പൊതുജനങ്ങൾക്കിടയിൽ അതിന് വമ്പിച്ച സ്വീകാര്യത ലഭിച്ചത്? ഇതിന്റെ ഉത്തരം ലഭിക്കാൻ ഹദീസ്, തഫ്സീർ എന്നീ വിജ്ഞാന ശാഖകൾ പിന്നിട്ട രണ്ട് സവിശേഷ ഘട്ടങ്ങൾ(വാമൊഴി, വരമൊഴി)നാം പഠിക്കേണ്ടതുണ്ട്.

ഇതിൽ ഒന്നാമത്തേത് വാചികമായ കൈമാറ്റത്തിന്റെ ഘട്ടമാണ്. പ്രവാചകൻ തന്റെ അനുചരൻമാർക്ക് പഠിപ്പിച്ചുകൊടുത്തിരുന്ന കാര്യങ്ങൾ അവർ ഗ്രഹിക്കുകയും ഹൃദിസ്ഥമാക്കുകയും പിന്നീട് അവിടെ സന്നിഹിതരല്ലാത്തവർക്ക് അവ പകർന്നു നൽകുകയും ചെയ്യുക സാധാരണ രീതിയായിരുന്നു.

അങ്ങനെ അവരിൽ നിന്ന് പഠിച്ചവർ പിൽക്കാലക്കാർക്ക് ആ വിജ്ഞാനങ്ങൾ കൈമാറി. താബിഉകളും അവരുടെ പിൻഗാമികളും റിപ്പോർട്ട് ചെയ്ത കാര്യങ്ങളിൽ മർഫൂഉം (പ്രവാചകനുമായി ബന്ധപ്പെടുത്തി ഉദ്ധരിക്കപ്പെടുന്നത്) മൗഖൂഫും (സഹാബിയുമായി ബന്ധപ്പെടുത്തി ഉദ്ധരിക്കപ്പെടുന്നത്) എല്ലാം ഉണ്ടായിരുന്നു.

ഖുർആൻ വ്യാഖ്യാനമുൾപ്പടെയുള്ള ഹദീസുകൾ വിവിധ കാലഘട്ടങ്ങളിലൂടെ മുന്നോട്ടുഗമിച്ചത് ഒരേ രീതിയിലായിരുന്നില്ല. സ്വഹാബികൾ അവർ റിപ്പോർട്ട് ചെയ്യുന്ന വിവരണങ്ങളുടെ ആധികാരികത കണിശമായി ശ്രദ്ധിച്ചിരുന്നു. അതിനാൽ തന്നെ ഒരു സ്വഹാബി റിപ്പോർട്ട് ചെയ്യുന്ന ഹദീസ് സ്വീകരിക്കാൻ മറ്റുള്ളവർ അമാന്തം കാണിച്ചില്ല. ചിലയാളുകൾ ചില വിഷയത്തിലുള്ള ഹദീസുകൾ സ്വീകരിക്കുന്നതിന് മുമ്പ് റിപ്പോർട്ടറോട് സത്യം ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. അതൊരിക്കലും ആ സ്വഹാബിയിലുള്ള വിശ്വാസക്കുറവുമൂലമായിരുന്നില്ല, മറിച്ച് പ്രസ്തുത ആശയത്തിന് കൂടുതൽ പിൻബലം ലഭിക്കാൻ വേണ്ടിയായിരുന്നു.

താബിഉകളുടെ കാലഘട്ടത്തിൽ വ്യാജഹദീസുകൾ പെരുകി. അതിനാൽ അവർ വിശ്വാസ യോഗ്യമായ പരമ്പര(സനദ്) ഇല്ലാത്ത യാതൊരു ഹദീസും സ്വീകരിക്കില്ലെന്ന് തീരുമാനിച്ചു. ഇബ്നു സീരീൻ പറഞ്ഞതായി, ഇമാം മുസ്‌ലിം ഉദ്ധരിക്കുന്നു: സനദ് ചോദിക്കുന്ന ശീലം ആദ്യം അവർക്കുണ്ടായിരുന്നില്ല. പിന്നീട് വ്യാജഹദീസുകൾ രംഗം കൈയടക്കിയതോടെ, ഹദീസ് നിവേദകരുടെ പേരുകൾ അവർ ചോദിക്കാൻ തുടങ്ങി.

താബിഇത്താബിഇകളുടെ കാലമായപ്പോഴേക്കും വ്യാജനിർമിത ഹദീസുകൾക്ക് വൻപ്രചാരം സിദ്ധിച്ചു. അവയിൽ പലതും ഹദീസ്- തഫ്സീർ ഗ്രന്ഥങ്ങളിൽ സ്ഥാനം പിടിച്ചു. മുസ്‌ലിം പണ്ഡിതൻമാർ ഈ വിപത്തിനെതിരെ കർക്കശ നിലപാട് സ്വീകരിച്ചു. വ്യാജഹദീസുകളുടെ പൊള്ളത്തരങ്ങൾ അവർ സമൂഹമദ്ധ്യേ തുറന്നുകാട്ടി. മാത്രമല്ല ഹദീസ് നിവേദനം ചെയ്യുന്നതിനും നിവേദകൻമാർക്കും ഉണ്ടായിരിക്കേണ്ട അടിസ്ഥാന തത്വങ്ങളും നിബന്ധനകളും അവർ ആവിഷ്കരിച്ചു. ഹദീസുകളുടെ സ്വീകാര്യതയും അസ്വീകാര്യതയും തീരുമാനിക്കാനുള്ള മാനദണ്ഡവും ഉരകല്ലുമായി അവയെ നിശ്ചയിച്ചു. തുടർന്ന് ഹദീസുകൾ സനദ് സഹിതം റിപ്പോർട്ട് ചെയ്യുന്ന പ്രവണ ആരംഭിച്ചു. അവർക്ക് ശേഷം വന്ന തലമുറ ഹദീസ് നിവേദനം ചെയ്യുന്ന കാര്യത്തിൽ തികഞ്ഞ ലാഘവത്വം കാണിച്ചു. അവർ സനദുകൾ ഒഴിവാക്കി. അതൊരു വൻ ദുരന്തത്തിന് കാരണമായി.

**രണ്ടാം ഘട്ടം: ഗ്രന്ഥരൂപത്തിലുള്ള ക്രോഡീകരണം**

ഹിജ്റ ഒന്നാം നൂറ്റാണ്ടിന്റെ അവസാനത്തിലും രണ്ടാം നൂറ്റാണ്ടിന്റെ തുടക്കത്തിലുമായി തഫ്സീറും ഹദീസും ഗ്രന്ഥരൂപത്തിൽ ക്രോഡീകരിക്കുവാൻ ആരംഭിച്ചു. ഉമറുബ്നു അബ്ദിൽ അസീസിന്റെ നിർദ്ദേശപ്രകാരം ലോകത്തിന്റെ വിവിധഭാഗങ്ങളിലുള്ള പണ്ഡിതന്മാർ അവർക്ക് ലഭിച്ച പ്രബലമായ ഹദീസുകൾ ക്രോഡീകരിച്ചു. ചിലർ വിവിധ പ്രദേശങ്ങളിൽ സഞ്ചരിച്ച് ഹദീസുകൾ ശേഖരിച്ചു. അവയിൽ തഫ്സീറുമായി ബന്ധപ്പെട്ടവ പ്രത്യേകം അധ്യായമായി ക്രോഡീകരിച്ചു.

പിന്നീട് തഫ്സീറും ഹദീസും സ്വതന്ത്ര വിജ്ഞാന ശാഖകളായി. ഹിജ്റ മൂന്നാം നൂറ്റാണ്ടുവരെ ഹദീസ് നിവേദനങ്ങളിൽ നിന്ന് ഭിന്നമോ വ്യതിരിക്തമോ ആയ ശൈലി ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾക്കുണ്ടായിരുന്നില്ല. നബിയിൽ നിന്നോ സഹാബികൾ, താബിഇകൾ, താബിഇത്താബിഇകൾ എന്നിവരിൽ നിന്നോ ഉദ്ധരിക്കപ്പെട്ട വ്യാഖ്യാനങ്ങളെ സനദ് (നിവേദക പരമ്പര) സഹിതം ഉദ്ധരിക്കുക എന്നതായിരുന്നു ഇക്കാലത്തെ ഖുർആൻ വ്യാഖ്യാന ശൈലി.

തുടർന്ന് രംഗപ്രവേശം ചെയ്ത ഖുർആൻ വ്യാഖ്യാതാക്കളിൽ ഭൂരിപക്ഷവും സനദ് ഒഴിവാക്കുകയും പൂർവികരിൽ നിന്ന് ഉദ്ധരിക്കപ്പെട്ട പ്രസ്താവനകൾ മാത്രം രേഖപ്പെടുത്തുകയും ചെയ്യുന്ന രീതി അവലംബിച്ചു. അങ്ങനെ ഓരോ തഫ്സീറിലുമുള്ള വിവരണങ്ങളും പ്രബലമാണെന്ന് ധാരണ സൃഷ്ടിക്കപ്പെട്ടു. അടിസ്ഥാന രഹിതമായ വ്യാഖ്യാനങ്ങളും കഥകളും തഫ്സീർ ഗ്രന്ഥങ്ങളിൽ കടന്നുകയറാൻ ഇത് ഇടയാക്കി. അവർക്ക് ശേഷം വന്നവരിൽ ചിലർ യാതൊരു പരിശോധനയും കൂടാതെ ആധികാരിക രേഖയെന്നോണം കെട്ടുകഥകളും ഐതിഹ്യങ്ങളും ഉദ്ധരിച്ചു. ഇത് ഇസ്റാഈലിയ്യാത്തിന്റെ കടന്നുകയറ്റത്തിന് ആക്കം കൂട്ടി.

ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിൽ കാണപ്പെടുന്ന അടിസ്ഥാനരഹിതമായ പരാമർശങ്ങളെ കുറിച്ച് ഹദീസ് പണ്ഡിതന്മാർ ആരംഭകാലം തൊട്ടേ ബോധവാൻമാരായിരുന്നു. ഇമാം അഹ്മദുബ്നു ഹമ്പൽ പറഞ്ഞു: മൂന്ന് കാര്യങ്ങൾക്ക് യാതൊരു അടിസ്ഥാനവുമില്ല. ഖുർആൻ വ്യാഖ്യാനം, സാഹസിക കഥകൾ, യുദ്ധ ചരിത്രം എന്നിവയാണവ. ഈ വിഷയകമായി വിവരണങ്ങളിൽ ഭൂരിപക്ഷത്തിനും വിശ്വസനീയമായ നിവേദക പരമ്പരയില്ല എന്ന അർഥത്തിലാണ് അദ്ദേഹം അങ്ങനെ പറഞ്ഞത്. തഫ്സീറുകളിൽ ഇബ്നു അബ്ബാസിന്റേതായി എത്രയെത്ര അഭിപ്രായങ്ങളാണ് ഉദ്ധരിക്കപ്പെട്ടു കാണുന്നത്. തഫ്സീറിൽ ഇബ്നു അബ്ബാസിൽ നിന്ന് 100 റിപ്പോർട്ടുകൾ മാത്രമേ സ്ഥിരീകരിക്കപ്പെട്ടിട്ടുള്ളൂ എന്ന ഇമാം ശാഫിഇയുടെ പ്രസ്താവന വളരെ ശ്രദ്ധേയമാണ്. ഇബ്നു അബ്ബാസിന്റെ പേരിൽ രേഖപ്പെടുത്തപ്പെട്ട വ്യാജപ്രസ്താവനകളുടെ ആധിക്യത്തിലേക്ക് അത് വിരൽ ചൂണ്ടുന്നു.

ഖുർആനിൽ പരാമർശിക്കപ്പെട്ട കഥകളുടെ വിശദാംശങ്ങൾ തൗറാത്തിലും ഇഞ്ചീലിലുമുണ്ടാവാമെന്ന

ധാരണായാൽ അവ മനസിലാക്കാൻ ചില സഹാബികൾ വേദക്കാരെ സമീപിച്ചിരുന്നു. അങ്ങനെ അവർക്കറിയാവുന്ന വിവരങ്ങൾ അവർ പങ്കുവെക്കുകയും ചെയ്തു. താബഇകളുടെ കാലത്ത് ഈ രീതി കുറെ കൂടി വിപുലമായി. അതോടെ ഇസ്റാഈലിയ്യാത്തുകളുടെ ഒഴുക്കായിരുന്നു. വേദക്കാരിൽ നിന്ന് ഇസ്ലാം സ്വീകരിച്ചവരായിരുന്നു അതിന്റെ ഉറവിടം. ഇതര വേദഗ്രന്ഥങ്ങളിലുള്ള അദ്ഭുത കഥകൾ കേൾക്കാൻ ജനങ്ങൾ കാണിച്ച അമിത താല്പര്യവും അതിന് പ്രചോദനമായി. താബിഇത്താബിഇകളുടെ കാലത്ത് ഇസ്റാഈലിയ്യാത്തിനോടുള്ള ജനങ്ങളുടെ താല്പര്യം പതിന്മടങ്ങ് വർധിച്ചു. ഒരു കഥയും തള്ളിക്കളയാത്തവിധം അവർ അമിതാവേശം കാണിച്ചു. സാമാന്യ ബുദ്ധിക്ക് സങ്കൽപിക്കാൻ കഴിയാത്ത കാര്യം പോലും ഖുർആനുമായി

സനദ് സഹിതം സഹാബികളുടെയും താബിഇകളുടെയും പ്രസ്താവനകൾ ക്രോഡീകരിക്കപ്പെട്ട ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങളിലും ഇസ്റാഈലിയ്യാത്തുകൾ കടന്നുകൂടിയിട്ടുണ്ട്. കുറ്റമറ്റ പരമ്പരയിലൂടെ ഉദ്ധരിക്കപ്പെട്ട ഇസ്റാഈലിയ്യാത്തും ഉണ്ട് എന്നതുകൊണ്ടാണത് സംഭവിച്ചത്. ഇബ്നു അബ്ബാസ്, ഇക്രിമഃ, മുജാഹിദ്, സഈദുബ്നു ജുബൈർ തുടങ്ങിയവരിൽ നിന്ന് ആ രീതിയിൽ ഉദ്ധരിക്കപ്പെട്ടതായി കാണാം. സനദ് സഹിതം ഉദ്ധരിക്കുന്നതോടെ തന്റെ ബാധ്യത തീർന്നു എന്നും ഇനി വായനക്കാരന് അവ നിരൂപണ വിധേയമാക്കാമെന്നുമുള്ള കാഴ്ചപ്പാടിൽ ചില മുഫസ്സിറുകൾ അത്തരത്തിൽ പെട്ട ചിലത് ഉദ്ധരിച്ചിട്ടുണ്ട്. ഹിജ്റ 310 ൽ അന്തരിച്ച ഇബ്നു ജരീർ അത്വബരി ഉദാഹരണം. എന്നാൽ നിവേദക പരമ്പര അന്യൂനമാണെന്നതുകൊണ്ട് അവ

**താബിഇകളുടെ കാലഘട്ടത്തിൽ വ്യാജഹദീസുകൾ പെരുകി. അതിനാൽ അവർ വിശ്വാസ യോഗ്യമായ പരമ്പര(സനദ്) ഇല്ലാത്ത യാതൊരു ഹദീസും സ്വീകരിക്കില്ലെന്ന് തീരുമാനിച്ചു. ഇബ്നു സീരീൻ പറഞ്ഞതായി, ഇമാം മുസ്ലിം ഉദ്ധരിക്കുന്നു: സനദ് ചോദിക്കുന്ന ശീലം ആദ്യം അവർക്കുണ്ടായിരുന്നില്ല. പിന്നീട് വ്യാജഹദീസുകൾ രംഗം കൈയടക്കിയതോടെ, ഹദീസ് നിവേദകരുടെ പേരുകൾ അവർ ചോദിക്കാൻ തുടങ്ങി.**

ബന്ധിപ്പിക്കാൻ അവർക്ക് പ്രയാസമുണ്ടായില്ല.

ജൂത സ്രോതസുകൾക്ക് പുറമെ പേർഷ്യൻ- റോമൻ വംശജരിൽ പെട്ട നിർമതവാദികൾ, ഖവാരിജ്, ശീഅ, ഖദ്രിയ്യഃ, മുർജിഅഃ തുടങ്ങിയ രാഷ്ട്രീയ - ചിന്താ പ്രസ്ഥാനങ്ങളിലെ തല്പര കക്ഷികൾ, പള്ളികളിലും മറ്റും കഥകളും ഐതിഹ്യങ്ങളും അവതരിപ്പിച്ച് ജനങ്ങളെ കയ്യിലെടുത്തിരുന്ന ഉപദേശികൾ (ഖുസ്സാസ്), സ്വൂഫികൾ തുടങ്ങിയ വിഭാഗങ്ങളും കെട്ടുകഥകളുടെ പ്രഭവകേന്ദ്രങ്ങളായിരുന്നു.

വേദക്കാരിൽ നിന്ന് ഇസ്ലാം സ്വീകരിച്ച പണ്ഡിതന്മാർ തൗറാത്തിലും മറ്റുമുള്ള കഥകൾ പലപ്പോഴും ഉദ്ധരിക്കാറുണ്ടായിരുന്നു. ഇസ്ലാമിക വിശ്വാസപ്രമാണങ്ങളുമായി ബന്ധമില്ലാത്ത, പ്രപഞ്ച സൃഷ്ടിയുടെ തുടക്കം, പ്രപഞ്ച രഹസ്യങ്ങൾ, അന്ത്യനാളിലെ സംഭവവികാസങ്ങൾ മുതലായ വിഷയങ്ങളായിരുന്നു അവയുടെ ഉള്ളടക്കം. അവരിൽ നിന്ന് അത്തരം കഥകൾ കേട്ട സ്വഹാബികളും അവ ഉദ്ധരിച്ചിരുന്നു. സ്വഹാബികളിൽ നിന്ന് ലഭിക്കുന്ന ഇത്തരം ഉദ്ധരണികൾ അവയുടെ യഥാർഥ ഉറവിടം വ്യക്തമാക്കാതെ മറ്റുള്ളവർ ഉദ്ധരിക്കുമ്പോൾ അത് പ്രവാചകൻ പഠിപ്പിച്ചതാണെന്ന തെറ്റിദ്ധാരണ സൃഷ്ടിക്കപ്പെടുന്നു. ഈ തെറ്റിദ്ധാരണ തഫ്സീർ ഗ്രന്ഥങ്ങളിലേക്കുള്ള അവയുടെ കടന്നുകയറ്റം സുഗമമാക്കി.

സ്വീകാര്യമാകണമെന്നില്ല. സ്വഹാബികളിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന അത്തരം റിപ്പോർട്ടുകൾ അവർ പ്രവാചകനിൽ നിന്ന് പഠിച്ചതല്ല. ഇസ്ലാം സ്വീകരിച്ച പൂർവവേദക്കാരിൽ നിന്ന് ലഭിച്ചവയാണ്. അവ യാഥാർഥ്യമെന്ന നിലക്ക് ഉദ്ധരിക്കപ്പെടുന്നതിലാണ് അപകടം ഒളിഞ്ഞിരിക്കുന്നത്.

നെല്ലും പതിരും വേർതിരിക്കാതെ ഏത് വാറോലയും തഫ്സീറിൽ കൂട്ടിച്ചേർക്കാൻ മടിക്കാത്തവരും ഖുർആൻ വ്യാഖ്യാതാക്കളിൽ കഴിഞ്ഞുപോയിട്ടുണ്ട്. അവരിൽ ഒരാളാണ് ഹി. 427ൽ മരണമടഞ്ഞ അബൂഇസ്ഹാഖ് അസ്സഅ്ലബി. ഇന്ന് പല വിഷയത്തിലും ഇസ്ലാമിനെ അടിക്കാനുള്ള വടി ഇസ്ലാമിക ഗ്രന്ഥങ്ങളിൽ നിന്ന് തന്നെ ശത്രുക്കൾക്ക് ലഭിക്കുന്നത് അത്തരം ആളുകൾ വേണ്ടത്ര ജാഗ്രത കാണിക്കാതിരുന്നതുകൊണ്ടാണ്.

ഇബ്നു ഖൽദൂൻ പറയുന്നു: ആദ്യകാല പണ്ഡിതന്മാർ ഈ വിഷയത്തിൽ (നിവേദനങ്ങളെ അടിസ്ഥാനമാക്കിയുള്ള ഖുർആൻ വ്യാഖ്യാനം) പൂർണമായ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ചിരുന്നു. എന്നാൽ അവരുടെ കൃതികളിലും അവയുൾക്കൊള്ളുന്ന വിവരങ്ങളിലും പ്രധാനവും അപ്രധാനവുമായ വിവരങ്ങൾ ഇടകലരുകയും സ്വീകാര്യയോഗ്യവും അല്ലാത്തതുമായ വിവരങ്ങൾ കൂടിക്കുഴയുകയും

ചെയ്തിരുന്നു. അറബികൾക്ക് ഗ്രന്ഥങ്ങളോ പാണ്ഡിത്യ സ്വഭാവമോ ഇല്ലായിരുന്നുവെന്നതാണ് ഇതിനു കാരണം. മരുഭൂവാസ മനോഭാവവും നിരക്ഷരത്വവും അവരിൽ കുടികൊണ്ടു. മനുഷ്യർക്കു ജിജ്ഞാസയുള്ള വിവരങ്ങളറിയാൻ അതേ കുറിച്ച് പൂർവവേദക്കാരായ ആളുകളോട് ചോദിച്ചു മനസിലാക്കിയിരുന്നു. ഉദാഹരണമായി, വസ്തുക്കൾ നിലനിൽക്കുന്ന കാരണമെന്ത്, സൃഷ്ടിയുടെ ആരംഭം എങ്ങനെ, വസ്തുക്കൾ നിലനിൽക്കുന്നതിന്റെ രഹസ്യമെന്ത് തുടങ്ങിയ പ്രശ്നങ്ങളിൽ അവർ വേദക്കാരെ സമീപിച്ചു. വേദക്കാരിൽ യഹൂദർക്ക് തൗറാത്ത് ഉണ്ടായിരുന്നതുകൊണ്ട് ക്രിസ്ത്യാനികൾ യഹൂദരുടെ മതത്തെ പിന്തുടർന്നിരുന്നു. എന്നാൽ തൗറാത്തിന്റെ അനുയായികൾ, അതായത് അറബികളുടെ ഇടയിൽ വസിച്ചിരുന്ന ഈ യഹൂദരും മരുഭൂവാസികളായിരുന്നു. സാധാരണ വേദക്കാർ അറിയുന്ന വിധത്തിലല്ലാതെ, ഇത്തരം കാര്യങ്ങളെ കുറിച്ച് ഈ യഹൂദരും ഗ്രഹിച്ചിരുന്നില്ല. ഇവരിൽ ഭൂരിഭാഗവും ഹിംയർ ഗോത്രക്കാരായിരുന്ന ഘട്ടത്തിൽ യഹൂദമതം സ്വീകരിച്ചവരായിരുന്നു. അവർ മുസ്‌ലിംകളായിത്തീർന്നപ്പോൾ അവരുടെ പരമ്പരാഗത വിജ്ഞാനീയങ്ങളിൽ അവർ ഉറച്ചുനിന്നു. അതായത് സൃഷ്ടിയുടെ ഉൽപത്തി, ഭാവി പ്രവചനങ്ങൾ എന്നിവ സംബന്ധിച്ചുള്ള വിവരങ്ങളിൽ. ആ വിവരങ്ങൾക്ക് യഹൂദരടേയോ ക്രിസ്ത്യാനികളുടേയോ മതനിയമങ്ങളുമായി ഒരു ബന്ധവുമില്ല. എങ്കിലും അവ പൈതൃക സ്വത്തായി കരുതി അവർ സൂക്ഷിച്ചു. അത്തരം ആളുകളാണ് കഅ്ബുൽ അഹ്ബാർ, വഹ്ബുബ്നു മുനബ്ബിഹ്, അബ്ദുല്ലാഹിബ്നു സലാം തുടങ്ങിയവർ. ഖുർആൻ വ്യാഖ്യാന ഗ്രന്ഥങ്ങൾ ഇത്തരം ആളുകളുടെ ബലത്തിൽ, റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള വിവരങ്ങൾ കൊണ്ട് നിറഞ്ഞുനിൽക്കുന്നു. ഇവരെ മാത്രം ആധാരമാക്കിയുള്ള വിവരങ്ങളാണിവ. ഇവക്ക് മതനിയമങ്ങളുമായി യാതൊരു ബന്ധവുമില്ല. ഒരാൾക്ക് അനുഷ്ഠിക്കാൻ തക്ക പ്രാബല്യം നൽകുന്ന വിധത്തിൽ പ്രാമാണികത അവകാശപ്പെടാവുന്ന ഒന്നും തന്നെ അവയിലില്ല. ഇക്കാര്യത്തിൽ ഖുർആൻ വ്യാഖ്യാതാക്കൾ വലിയ നിഷ്കർഷ പുലർത്തിയില്ല. ഇത്തരം വസ്തുതകൾ തിരുകി മുഫസ്സിറുകൾ അവരുടെ ഗ്രന്ഥങ്ങൾ നിറച്ചു. നാം പറഞ്ഞതുപോലെ, ഈ വിവരങ്ങളുടെ പ്രഭവസ്ഥാനം തൗറാത്തിന്റെ അനുയായികളായിരുന്നു. മരുഭൂവാസികളായിരുന്ന അവർ, തങ്ങൾ കൈമാറിക്കൊടുത്ത വിവരങ്ങളെ കുറിച്ച് സൂക്ഷ്മപരിശോധന നടത്താൻ ശേഷിയുള്ളവരായിരുന്നില്ല. എന്നാൽ അവർ പ്രസിദ്ധിയുള്ളവരായിരുന്നു; ആദരണീയരും. കാരണം ഇസ്‌ലാം സ്വീകരിച്ചപ്പോൾ മതത്തിലും സമൂഹത്തിലും അവർ ഉന്നതസ്ഥാനം അലങ്കരിച്ചിരുന്നുന്നു. അതിനാൽ അവരുടെ വാക്കുകൾ അക്കാലം മുതൽ സ്വീകാര്യമായി.....

എങ്ങനെയാണ് ഇസ്റാഈലിയ്യാത്തിന് ജനമനസുകളിൽ ഇത്രയധികം സ്വാധീനം ലഭിച്ചത്? ഇതിന്റെ മറുപടി ഇങ്ങനെ സംക്ഷേപിക്കാം:

1. ഇസ്‌ലാമിന്റെയും മുസ്‌ലിംകളുടെയും വളർച്ചയിൽ വിറളി പൂണ്ട ജൂതന്മാർ ഉൾപ്പടെയുള്ള ശത്രുക്കൾ, ആയുധമെടുത്ത് പോരാടുകയും ജനങ്ങളെ ഇസ്‌ലാമിൽ നിന്ന് തടയാൻ ശ്രമിക്കുകയും ചെയ്തു. പക്ഷേ മുസ്‌ലിംകൾ അതെല്ലാം തരണം ചെയ്ത് വിജയശ്രീലാളിതരായി പ്രയാണം തുടർന്നു. ആയുധ ശക്തികൊണ്ട് ഇസ്‌ലാമിനെ കീഴ്പെടുത്താനാവില്ല എന്ന് ബോധ്യപ്പെട്ട ശത്രുക്കൾ ഇസ്‌ലാമികാദർശത്തിനും സംസ്കാരത്തിനുമെതിരെ ഒളിയമ്പുകൾ തൊടുത്തുവിടാൻ തീരുമാനിച്ചു. അങ്ങനെ ചില വേദക്കാർ പ്രത്യക്ഷത്തിൽ വിശ്വാസികളായി അഭിനയിക്കുകയും വിദ്വേഷം തിളച്ചുമറിയുന്ന മനസുമായി പ്രവാചക പക്ഷത്ത് നിലയുറപ്പിക്കുകയും ചെയ്തു. പ്രവാചക കുടുംബത്തോടുള്ള മുസ്‌ലിംകളുടെ സ്നേഹവും വൈകാരിക ബന്ധവും അവർ ചൂഷണം ചെയ്തു. നബികുടുംബത്തോട് പലരും അക്രമം കാണിച്ചിരിക്കുന്നുവെന്ന് കാണിച്ച് അവർ മുതലക്കണ്ണീരൊഴുക്കി. അങ്ങനെ അബൂബക്ർ, ഉമർ, ഉസ്മാൻ എന്നിവർ അലിയുടെയും സന്താനങ്ങളുടെയും അവകാശമായ ഖിലാഫത്ത് കവർന്നെടുത്തവരായി ചിത്രീകരിക്കപ്പെട്ടു. അത് സ്ഥാപിക്കാൻ നിരവധി വ്യാജഹദീസുകൾ പ്രചരിപ്പിച്ചു. പല കൗതുകകരമായ കഥകളും നെയ്തെടുത്തു. അവയിൽ ഭൂരിഭാഗത്തിന്റെയും പിന്നണിയിൽ പ്രവർത്തിച്ചിരുന്നത് ജൂതകരങ്ങളായിരുന്നു. ജൂതരുടെ വാക്കുകൾ തേനിനേക്കാൾ മധുരമുള്ളതായിരുന്നു. മനസാകട്ടെ ചെന്നായയുടേതും. ദുരുദ്ദേശ്യപൂർവം സമർഥമായി കഥകൾ പടച്ചുണ്ടാക്കാൻ അവർക്ക് നിഷ്പ്രയാസം സാധിച്ചിരുന്നു. തുടർന്ന് അത് സാധാരണക്കാർക്കിടയിൽ വശ്യമായി അവതരിപ്പിച്ചു. അങ്ങനെ അതിന് വൻ പ്രചാരം സിദ്ധിച്ചതോടെ ഒരു വിഭാഗം ആളുകൾ അവ പ്രവാചകന്റെ വിവരങ്ങളാണെന്ന ധാരണയിൽ സസന്തോഷം സ്വീകരിച്ചു.

2. അദ്ഭുത കഥകളുമായി നാടുചുറ്റിയിരുന്ന ഉപദേശികൾ ജനമനസുകളെ വശീകരിച്ചുകൊണ്ടിരുന്നു. ശരിയായ അറിവും സത്യവും മിഥ്യയും വേർതിരിച്ചറിയാനുള്ള ഉൾക്കാഴ്ചയും ഇല്ലാത്തവർ ഏത് പച്ചക്കള്ളവും സത്യമെന്നോണം ഉൾക്കൊണ്ടു. മുസ്‌ലിം പണ്ഡിതൻമാർക്ക് തലവേദനയായിത്തീർന്ന ഇത്തരം ഉപദേശികളെ/കാഥികൻമാരെ, പള്ളികളിൽ നിന്ന് പലപ്പോഴും ആട്ടിയോടിച്ചിട്ടുള്ളത് ചരിത്രത്തിൽ കാണാം. അത്തരം കഥാപ്രസംഗ സദസുകളിൽ പങ്കെടുക്കുന്നതിൽ നിന്നും അവ കേൾക്കുന്നതിൽ നിന്നും പണ്ഡിതൻമാർ ജനങ്ങളെ തടഞ്ഞിരുന്നു.

തങ്ങളുടെ ബുദ്ധിക്ക് സങ്കൽപിക്കാനാവത്തതോ,

**താബിഉത്താബിഇകളുടെ കാലത്ത് ഇസ്റാഈലിയ്യാത്തിനോടുള്ള ജനങ്ങളുടെ താല്പര്യം പതിന്മടങ്ങ് വർധിച്ചു. ഒരു കഥയും തള്ളിക്കളയാത്തവിധം അവർ അമിതാവേശം കാണിച്ചു. സാമാന്യ ബുദ്ധിക്ക് സങ്കൽപിക്കാൻ കഴിയാത്ത കാര്യം പോലും ഖുർആനുമായി ബന്ധിപ്പിക്കാൻ അവർക്ക് പ്രയാസമുണ്ടായില്ല.**

കണ്ണുകളെ ഈറനണിയിക്കുന്നതോ ആയ കഥകൾ കേൾക്കാൻ പൊതുജനങ്ങൾക്ക് വലിയ താല്പര്യമായിരുന്നുവെന്നും, സ്വർഗനരകങ്ങളെ കുറിച്ചൊക്കെയുള്ള ആ കാഥികരുടെ വിവരണങ്ങൾ ഏതൊരാളുടെയും മനസിൽ മായാതെ തങ്ങിനിൽക്കുന്ന വിധത്തിലായിരുന്നുവെന്നും അല്ലാമാ ഇബ്നു ഖുതൈബഃ തന്റെ 'തഅ്‌വീലു മുഖ്തലഫിൽ ഹദീസ്' എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തുന്നു.

അത്തരം കാഥികരുടെ സ്വാധീനം മനസിലാക്കാൻ ഒരു ഉദാഹരണമിതാ: പ്രസിദ്ധ പണ്ഡിതനായ ആമിറുശ്ശഅ്ബി പറയുന്നു: അബ്ദുൽ മലിക് ഇബ്നു മർവാന്റെ നിർദ്ദേശപ്രകാരം ഞാൻ അദ്ദേഹത്തെ കാണാൻ പുറപ്പെട്ടു. വഴിമധ്യേ നമസ്കരിക്കാനായി ഒരു പള്ളിയിൽ കയറി. അന്നേരം അവിടെ നീണ്ട താടിയുള്ള ഒരാളുണ്ടായിരുന്നു. അയാൾക്കു ചുറ്റും കുറെ ആളുകളും. അയാൾ പ്രവാചകനിലേക്കെത്തുന്ന ഒരു പരമ്പര ഉദ്ധരിച്ചുകൊണ്ട് പറഞ്ഞു: അല്ലാഹു രണ്ട് സ്വൂറുകൾ (കാഹളങ്ങൾ) സൃഷ്ടിച്ചിരിക്കുന്നു. അവ രണ്ടിലും രണ്ട് തവണ ഊതും. ശഅ്ബി പറയുന്നു: ഇത് കേട്ട എനിക്ക് എന്റെ മനസിനെ നിയന്ത്രിക്കാനായില്ല. ഞാൻ വേഗം നമസ്കാരം നിർവഹിച്ച ശേഷം അയാളോട് പറഞ്ഞു: മാന്യരെ, താങ്കൾ അല്ലാഹുവിനെ സൂക്ഷിക്കണം. ഇങ്ങനെ തെറ്റായ കാര്യങ്ങൾ പഠിപ്പിക്കരുത്. അല്ലാഹു ഒരു സൂർ മാത്രമേ സൃഷ്ടിച്ചിട്ടുള്ളൂ. അന്നേരം അയാൾ പറഞ്ഞു:  ധിക്കാരീ, എന്നോട് ഇന്നയിന്ന ആളുകൾ പറഞ്ഞതാണിത്. എന്നിട്ട് നീയെന്നെ തിരുത്തുകയോ? തുടർന്ന് അയാൾ ചെരിപ്പ് ഊരി എന്നെ അടിച്ചു. അയാളുടെ ചുറ്റുമുണ്ടായിരുന്ന ജനങ്ങളും എന്നെ പൊതിരെ തല്ലി. ഒടുവിൽ അല്ലാഹു 30 സ്വൂറുകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അതിലെല്ലാം ഊതുമെന്നും സത്യം ചെയ്ത ശേഷമാണ് അവർ എന്നെ വിട്ടയച്ചത്. പിന്നീട് അബ്ദുൽ മലികിന്റെ കൊട്ടാരത്തിലെത്തിയ എന്നോട് യാത്രയിലെ ഏറ്റവും അദ്ഭുതകരമായ അനുഭവം പങ്കുവെക്കാൻ പറഞ്ഞപ്പോൾ ഞാൻ ഈ സംഭവം വിവരിച്ചു. ഇത് കേട്ട അദ്ദേഹം പൊട്ടിച്ചിരിച്ചു. (തഹ്ദീറുൽ ഖവാസ്സ് മിൻ അകാദീബിൽ ഖുസ്സാസ്).

ഈ കാഥികർ പൊടിപ്പും തൊങ്ങലും വെച്ചാണ് പലപ്പോഴും കഥകൾ അവതരിപ്പിക്കാറുള്ളത്. അവയിൽ ചിലത് പ്രവാചകനിലേക്കും മറ്റുചിലത് സഹാബികളിലേക്കും ചേർത്ത് പണ്ഡിതന്മാരുടെ പേര് വെച്ച് ഉദ്ധരിക്കുക അവരുടെ പതിവായിരുന്നു. തങ്ങളുടെ കഥകൾക്ക് കൂടുതൽ പിൻബലവും ജനപ്രീതിയും കരസ്ഥമാക്കാൻ അത് സഹായകമാവുമെന്ന് അവർ മനസിലാക്കിയിരുന്നു.

ഈ കാഥികരുടെ കള്ളക്കഥകൾ ചിലപ്പോൾ നൈതികതയുടെ സകലസീമകളും അതിലംഘിച്ചിരുന്നു. ഇമാം സുയൂത്വി ഒരു ഉദാഹരണം ഉദ്ധരിക്കുന്നു: അഹ്മദുബ്നു ഹമ്പലും യഹ്‌യബ്നു മഈനും ഒരിക്കൽ നമസ്കരിക്കാനായി റസാഫ(സിറിയ)യിലെ പള്ളിയിൽ കയറി. നമസ്കാരാന്തരം ഒരു കാഥികൻ എഴുന്നേറ്റ് നിന്ന് പ്രഭാഷണമാരംഭിച്ചു: അനസി(റ)ൽ നിന്ന് ഉദ്ധരിക്കപ്പെട്ടതായി അഹ്മദുബ്നു ഹമ്പലും യഹ്‌യബ്നു മഈനും നമ്മോട് പറഞ്ഞു: പ്രവാചകൻ അരുളിയിരിക്കുന്നു: ആരെങ്കിലും ലാഇലാഹ ഇല്ലല്ലാഹ് എന്ന് പറഞ്ഞാൽ അതിലെ ഓരോ പദത്തിൽ നിന്നും അല്ലാഹു ഓരോ പക്ഷിയെ സൃഷ്ടിക്കും. അതിന്റെ കൊക്ക് സ്വർണത്താലും തൂവൽ രത്നത്താലും നിർമിതമായിരിക്കും..... അങ്ങനെ ഏകദേശം 20 പേജ് കഥ അദ്ദേഹം അവതരിപ്പിച്ചു. ഇത് കേട്ട അഹ്മദുബ്നു ഹമ്പലും യഹ്‌യയും പരസ്പരം നോക്കി. യഹ്‌യ അഹ്മദിനോട് ചോദിച്ചു: താങ്കൾ ഇപ്രകാരം പറഞ്ഞിരുന്നോ? 'ഈ നിമിഷമാണ് ഞാൻ ഇങ്ങനെയൊന്ന് കേൾക്കുന്നത്'. അഹ്മദ് പറഞ്ഞു. കഥാപ്രസംഗം അവസാനിച്ചപ്പോൾ യഹ്‌യ കാഥികനെ സമീപിച്ച് ചോദിച്ചു: താങ്കൾക്ക് ഇങ്ങനെയൊരു കഥ പറഞ്ഞുതന്നതാരാണ്? അയാൾ പറഞ്ഞു: അഹ്മദുബ്നു ഹമ്പലും യഹ്‌യബ്നു മഈനും. യഹ്‌യ പറഞ്ഞു: ഞാനാണ് യഹ്‌യബ്നു മഈൻ; എന്റെ കൂടെയുള്ളയാൾ അഹ്മദുബ്നു ഹമ്പലും. ഇങ്ങനെയൊരു ഹദീസ് ഞങ്ങൾ കേട്ടിട്ടില്ലല്ലോ. ഇനി കള്ളം പറഞ്ഞേ തീരൂ എങ്കിൽ അത് ഞങ്ങളുടെ പേരിൽ വേണ്ട. അന്നേരം അയാൾ ചോദിച്ചു: താങ്കളാണോ യഹ്‌യബ്നു മഈൻ. യഹ്‌യ: അതെ. അയാൾ: 'യഹ്‌യബ്നു മഈൻ ഒരു പടുവിഡ്ഢിയാണെന്ന് ഞാൻ കേട്ടിരുന്നു. ഇപ്പോഴാണ് അത് ബോധ്യമായത്.' യഹ്‌യ ചോദിച്ചു: 'അതെങ്ങനെ?' അയാൾ: 'നിങ്ങളുടെ സംസാരം കേട്ടാൽ തോന്നുക, ലോകത്ത് ആകെ ഒരു അഹ്മദുബ്നു ഹമ്പലും യഹ്‌യബ്നുമഈനും മാത്രമേയുള്ളൂ എന്നാണല്ലോ. 17 അഹ്മദുബ്നു ഹമ്പലിൽ നിന്നും യഹ്‌യബ്നു മഈനിൽ നിന്നും ഞാൻ പഠിച്ചിട്ടുണ്ട്.!!!! ഇങ്ങനെ പറഞ്ഞ് അവരെ ഇരുവരെയും പരിഹസിച്ചുകൊണ്ട് അയാൾ എഴുന്നേറ്റുപോയി.

(തുടരും)